അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഇത് മറച്ചു വയ്ക്കാനായി ചികിത്സാ രേഖകളിൽ തിരുത്തലുകൾ വരുത്തിയതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഡോ. നാദിർകോയയ്ക്കും ഡോ. രാമകൃഷ്ണനുമെതിരെ ശിക്ഷണ നടപടി എടുത്തുവരുന്നു. ചാർജ്ജ് മെമ്മോ കൊടുത്ത് അവരുടെ മറുപടി വാങ്ങി. മറുപടി തൃപ്തികരമല്ലാത്തതിനാൽ ശിക്ഷണ നടപടിയുടെ ഭാഗമായുള്ള അന്വേഷണം നടത്തുന്നതിന് ആരോഗ്യവകുപ്പിലെ വിജിലൻസ് വിഭാഗം അഡി. ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

156 (2342) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ബി.എസ്.സി. നഴ്സിംഗ് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ

ശ്രീ. എം.കെ. മുനീർ :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് നടത്തുന്നുണ്ടോ;

(ബി) എങ്കിൽ എന്നുമുതൽ;

(സി) ഇപ്പോൾ കോഴ്സിന്റെ ഏത് വർഷത്തെ കോഴ്സാണ് നടക്കുന്നത്;

(ഡി) ഈ കോഴ്സ് തുടങ്ങുന്നതിന് മുമ്പ്തന്നെ കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം നേടണമെന്നുണ്ടോ;

(ഇ) എങ്കിൽ കേരള നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴാണ് വാങ്ങിയത്;

(എഫ്) ഈ കോഴ്സിന്റെ പുതിയ ബാച്ചുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(എച്ച്) ഈ കോഴ്സിന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഐ) എങ്കിൽ അവരുടെ പ്രശ്നങ്ങൾ എന്തെല്ലാമാണ്;

(ജെ) അവ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സ്ഥാപനം മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമല്ല. യൂണിവേഴ്സിറ്റിയിൽനിന്നും ലഭിച്ച വിവരം അനുസരിച്ച് ഉണ്ട്.

(ബി) 1995-96 അദ്ധ്യയന വർഷം മുതൽ.

(സി) ആറാമത്തെ സെമസ്റ്റർ.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ല. അംഗീകാരം ലഭിക്കുന്നതിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി നേഴ്സിംഗ് കൗൺസിലുമായി ബന്ധപ്പെട്ടിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ട്.

(എച്ച്) ഉണ്ട്.

(ഐ) യോഗ്യരായ അദ്ധ്യാപകരുടെ സേവനം, പ്രായോഗിക പരിശീലന സൗകര്യം, നഴ്സിംഗ് കൗൺസിൽ അംഗീകാരം തുടങ്ങിയ കാര്യങ്ങളാണ് നിവേദനത്തിൽ പരാമർശിച്ചിട്ടുള്ളത്.

(ജെ) യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനവും പ്രായോഗിക പരിശീലന സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട് എന്നും നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട് എന്നും യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

157 (2343) ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് - 2 തസ്തിക

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് - 2 ന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) തിരുവനന്തപുരം ജില്ലയിൽ ഈ റാങ്ക് ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമനം ലഭിച്ചു;

(ഡി) ഫാർമസിസ്റ്റ് ഗ്രേഡ് - 2 ന്റെ തസ്തിക ഏതെങ്കിലും സ്ഥാപനത്തിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഈ ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) ജനുവരി 2000-ത്തിൽ.

(സി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് 55 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) 6 സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റിന്റെ ഒഴിവുണ്ട്.

(ഇ) ആദ്യം വന്ന മൂന്ന് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞു. പിന്നീട് വന്ന മൂന്നു ഒഴിവുകൾ താമസിയാതെ റിപ്പോർട്ട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly